# 11. തെററിദ്ധാരണ മൂലം അണുയുദ്ധം ഉണ്ടായേക്കാം

1981 നവംബർ 22-ലെ കങ്കുമത്തിൽ, ലോകത്തിൽ അന്നു് ഉണ്ടാക്കി പ്രയോഗിക്കാൻ തയ്യാറാക്കിവെച്ചിട്ടുള്ള അണ്വായുധങ്ങളെപ്പററി ഞാൻ ഇങ്ങനെ എഴുതിയിരുന്നു:

'റഷ്യയും അമേരിക്കയുംകൂടി 1980-ൽ പതിന്നാലായിരം 'സ്ട്രാറെജിക്' (വലിയ ബോംബു് രൂപത്തിലുള്ള) അണ്വായുധങ്ങളുണ്ടായിരുന്നു. അകലെ വിക്ഷേപിക്കേണ്ട ഈ ആയുധങ്ങൾക്കു് ആയിരം കോടി ടൺ ടി. എൻ. ടി. യുടെ വിസ്ഫോടന ശക്തിയുണ്ടു്. ഇവയ്ക്കു പുറമേ, അടുത്തു വിക്ഷേപിക്കേണ്ട അമ്പതിനായിരം ടാക്ററിക്കൽ (പീരങ്കിയുണ്ടയുടെയും മററും രൂപത്തിലുള്ള) അണ്വായുധങ്ങളും ഈ രണ്ടു രാജ്യക്കാരുടെയും കൈയിലുണ്ടായിരുന്നു. ഹിറോഷിമാബോംബിൻെറ നാലിരട്ടി സ്ഫോടനശക്തി ഈ ടാക്ററിക്കൽ ആയുധങ്ങൾ ഓരോന്നിനും ഉണ്ടായിരുന്നു. അങ്ങനെ ഈ രണ്ടു തരം അണ്വായുധങ്ങളും ചേർന്നു് ആയിരത്തി ഇരുനൂററമ്പതു കോടി ടൺ വിസ്ഫോടനശക്തി അടക്കിവെച്ചിരുന്നു. പത്തു ലക്ഷം ഹിറോഷിമാ ബോംബുകളുടെ സ്ഫോടനശക്തിയാണിതു്. ഭൂമിയിലെ ഓരോ പുരുഷനും സ്ത്രീക്കും കുട്ടിക്കും മുമ്മൂന്നു ടൺ വീതം സ്ഫോടനശക്തി!

'ഇനിയൊരു അണുയുദ്ധമുണ്ടായാൽ, യൂറോപ്പിലും അമേരിക്കയിലുമുള്ള നാനൂറു നഗരങ്ങളിൽ അണുബോംബു വീഴുമെന്നാണു് കണക്കുകൂട്ടുന്നതു്. ഇപ്പോഴുള്ളതിൽ പകുതി അണ്വായുധങ്ങൾ ഇതിനായി ഉപയോഗിച്ചാൽ, ഓരോ നഗരത്തിലും ആയിരത്തഞ്ഞൂറു ഹിറോഷിമാബോംബുകൾ വീണ ഫലം ഒന്നരക്കോടി ടൺ വീതം വിസ്ഫോടനം ഉളവാകും. രണ്ടാം മഹായുദ്ധത്തിൽ സഖ്യശക്തികൾ ആകെ പ്രയോഗിച്ച ബോംബുകളുടെ മൊത്തം വിസ്ഫോടനശക്തിയുടെ അഞ്ചിരട്ടി ഓരോ നഗരവും താങ്ങേണ്ടി വരും. ഈ പൊട്ടിത്തെറിയിൽ, ഭൂമധ്യരേഖയ്ക്കു വടക്കുള്ള നഗരങ്ങളിലെ നിവാസികൾ ഏറെക്കുറെ മുഴുവനും ഉടൻ മരിച്ചുപോവും. ശേഷിച്ച നഗരവാസികളും, ഗ്രാമവാസികളും, ഭൂമധ്യരേഖയ്ക്കു തെക്കുള്ളവരും, മുഴുവനുമല്ലെങ്കിൽ ഒട്ടധികം പേരും അണുരശ്മിപ്രസരണംകൊണ്ടു് രോഗം ബാധിച്ചു് അരിഷ്ടിച്ചു് ക്രമേണ മരിക്കും. കാലാവസ്ഥയിലും അന്തരീക്ഷഘടനയിലും ഈ വിസ്ഫോടനങ്ങൾമൂലം വരുന്ന മാററങ്ങളും അതിൻെറ ഫലങ്ങളും ഇപ്പോൾ പ്രവചിക്കാവുന്നവയല്ല.'

ഇത്രയും ഭയങ്കരമായ ഒരു യുദ്ധം തുടങ്ങിവെക്കുന്നതിനു മാത്രം അവിവേകം ആർക്കെങ്കിലുമുണ്ടാകുമോ? അത്തരമൊരു യുദ്ധം ആരംഭിക്കാൻ അമേരിക്കൻ പ്രസിഡണ്ടു് റേയ്ഗനോ സോവിയററു് പ്രധാനമന്ത്രി ബ്രെഷ്നേവോ ആദ്യത്തെ ബട്ടൻ അമർത്തുമോ? ആത്മരക്ഷയ്ക്കുവേണ്ടി അല്ലാതെ ആക്രമണത്തിനുവേണ്ടി തങ്ങൾ അണ്വായുധങ്ങൾ പ്രയോഗിക്കുകയില്ലെന്നു് രണ്ടു കൂട്ടരും ആവർത്തിച്ചു പറഞ്ഞിട്ടുണ്ടല്ലോ. അതിനാൽ, ഓർക്കുമ്പോൾപ്പോലും നടുക്കമുളവാക്കുന്ന ഈ വിപത്തു് ഒരിക്കലും സംഭവിക്കുകയില്ലെന്നു തന്നെ വിശ്വസിച്ചുകൂടെ?

'വിശ്വസിച്ചുകൂടാ' എന്നാണു് കാര്യവിവരമുള്ളവർ പറയുന്നതു്. അമേരിക്കയിൽ ഹാർവാർഡ് മെഡിക്കൽ സ്കൂളിൽ പ്രഫസ്സറും അണ്വായുധ നിരോധനത്തിനുള്ള അന്താരാഷ്ട്രീയ വൈദ്യസംഘടനയുടെ സ്ഥാപകനുമായ ഡോ. ജെയ്ംസ് ഇ. മുള്ളർ, ആകസ്മികമായി അണുയുദ്ധം

ആരംഭിച്ചേക്കാനുള്ള സാദ്ധ്യത വിവരിച്ച് എഴുതിയ ഒരു ലേഖനം മാർച്ച് 8-ലെ 'ന്യൂസ്‌വീക്ക്' വാരികയിൽ ചേർത്തിട്ടുണ്ട്. മനുഷ്യവർഗത്തിന്റെ ഭാവിയിൽ താല്പര്യമുള്ള ഏവരുടെയും ഗാഢശ്രദ്ധയ്ക്കു വിഷയമാകേണ്ടതാണ് ഈ ലേഖനം. പട്ടാളക്കാരുടെ കൈവശമാണല്ലോ അണ്വായുധങ്ങൾ ഉള്ളത്. ഈ ആയുധങ്ങൾ കൈകാര്യം ചെയ്യുന്ന പട്ടാളക്കാർക്ക് അസാധാരണമായ മനശ്ശക്തിയും ആത്മസംയമനവും സ്വപ്രത്യയസ്ഥൈര്യവും വേണം. അതിനാൽ അണ്വായുധങ്ങളിൽ കൈവെക്കാൻ സാദ്ധ്യതയുണ്ടെന്നു കരുതപ്പെടുന്ന ഒരുലക്ഷത്തിലേറെ അമേരിക്കൻ പട്ടാളക്കാരെ 'പേഴ്സണൽ റിലയബിലിററി പ്രോഗ്രാം' എന്ന ഒരു പരീക്ഷണത്തിനു നിരന്തരമായി വിധേയരാക്കിവരുന്നുണ്ടെന്ന് ഡോ. മ്യൂള്ളർ പറയുന്നു. ഈ പരിപാടിയിൽ ചേർക്കാൻ തിരഞ്ഞെടുക്കുന്നതുതന്നെ വൈകാരികസ്ഥൈര്യവും നല്ല സാമൂഹികപ്പെരുമാററവും ഉള്ളവരും, മദ്യമോ മയക്കുമരുന്നോ ഉപയോഗിക്കാത്തവരുമെന്ന് തെളിയിക്കപ്പെട്ട പട്ടാളോദ്യോഗസ്ഥന്മാരെയാണ്. ഇങ്ങനെ തെരഞ്ഞെടുത്തവരെ ഡോക്ടർമാർ ദീർഘകാലം തുടർച്ചയായി പരിശോധിക്കുകയും, അവരുടെ മാനസികനിലവാരം അനുസ്യൂതമായി രേഖപ്പെടുത്തിക്കൊണ്ടിരിക്കുകയും ചെയ്യും.

1979-ൽ അമേരിക്കൻ പാർലമെൻറിന്റെ ഒരു കമ്മററിക്കു സമർപ്പിച്ച ഒരു റിപ്പോർട്ടിന്റെ 323-ാം പേജിൽ ഈ പരിശോധനയുടെ ഫലങ്ങൾ രേഖപ്പെടുത്തിയിരിക്കുന്നു. അണ്വായുധങ്ങൾ കൈകാര്യം ചെയ്യുന്നതിനു തെരഞ്ഞെടുക്കപ്പെട്ട ഒരുലക്ഷത്തിലേറെ പട്ടാളക്കാരിൽനിന്ന് 5,128 പേരെ 1975-ൽ നീക്കേണ്ടിവന്നു. കാരണം, അണ്വായുധങ്ങളുടെ അടുത്തെങ്ങും ചെല്ലാൻ അനർഹരാണ് അവരെന്നു കണ്ടു. 1976-ൽ 4,966 പേരെയും 1977-ൽ 4,973 പേരെയും ഇങ്ങനെ നീക്കിക്കളഞ്ഞു. നീക്കാനുള്ള കാരണം, അതി മദ്യപാനം, മയക്കുമരുന്നുകൾ കഴിക്കൽ മുതലായവ. മുഖ്യമായ മയക്കുമരുന്ന് കഞ്ചാവുതന്നെ. എന്നാൽ 250 പേർ ഹെറോയ്ൻ, എൽ എസ് ഡി എന്ന കടുപ്പംകൂടിയ മയക്കുമരുന്നുകൾ ഉപയോഗിക്കുന്നവരായിരുന്നു. 1977-ൽത്തന്നെ 1,289 പേരെ വൈദ്യപരിശോധന നടത്തി, മാനസിക-ശാരീരിക-വൈകല്യങ്ങളുള്ളവരാണെന്നു കണ്ട് തള്ളിക്കളഞ്ഞു.

അനർഹരെ മുഴുവൻ പരിശോധനയിൽ കണ്ടുകിട്ടിക്കൊള്ളണമെന്നില്ലല്ലോ. പരിശോധനയിൽ കണ്ടുപിടിക്കപ്പെടാത്ത എത്ര പേർ, മാനസികവൈകല്യമുള്ളവർ, മദ്യപന്മാർ, മയക്കുമരുന്നുകൾ കഴിക്കുന്നവർ അണ്വായുധങ്ങളുടെ നിയന്ത്രണം ഇപ്പോഴും കൈയിൽ വെച്ചിരിക്കുന്നില്ല എന്ന് ആർക്കു പറയാനാവും?

അതു് വൈദ്യപരിശോധനയുടെ കാര്യം. ഇതിനു പുറമേ അണ്വായുധങ്ങൾ കൈകാര്യം ചെയ്യാൻ തെരഞ്ഞെടുക്കപ്പെട്ടവരിൽ 828 പേരെ അശ്രദ്ധയെന്ന കുററം ചുമത്തി പിന്നീടു നീക്കിക്കളഞ്ഞു; 350 പേരെ ക്രിമിനൽ കുററങ്ങൾ ചെയ്തതിന്റെ പേരിൽ ഒഴിവാക്കി; 885 പേരെ നിയമത്തോടുള്ള അനാദരത്തിന്റെ പേരിലും.

അണ്വായുധങ്ങൾ പ്രയോഗിക്കണമോ വേണ്ടയോ എന്നു തീരുമാനിക്കുന്നത് മനുഷ്യർ മാത്രമല്ല, കമ്പ്യൂട്ടറുകൾകൂടിയാണ്. ശത്രുക്കളുടെ അണ്വായുധങ്ങൾ തങ്ങളുടെ നേരെ ചീറിപ്പാഞ്ഞുവരുകയാണെന്ന് റഡാർ സ്ക്രീനുകളിൽ കണ്ടാൽ, അതു് സത്യമാണോ എന്നു പരിശോധിക്കുവാൻ കിട്ടുക [പ]ത്തു മിനിററിൽ കുറവായ സമയമാണ്. കാരണം, ആ ആയുധങ്ങൾ [illegible] മുമ്പ് ഈ ഭാഗത്തെ ആയുധങ്ങൾ അങ്ങു ചെന്നെത്തി അവയെ [illegible]പ്പിക്കണമല്ലോ. കമ്പ്യൂട്ടറുകൾ തെററിദ്ധരിച്ച് ആപദ്സൂചന നൽകുന്നതാകട്ടെ, അസാധാരണവുമല്ല. നോർത്ത് അമേരിക്കൻ എയർ ഡിഫൻസ് കമാൻഡിന്റെ കമ്പ്യൂട്ടറുകൾ ഒന്നര കൊല്ലത്തിനിടയ്ക്ക് 151 തവണ ശത്രുക്കളുടെ അണ്വായുധാക്രമണം ആരംഭിച്ചുവെന്ന ആപദ്സൂചന

നൽകിയത്രെ. ഇതനുസരിച്ച് നാലു തവണ അണുബോംബു കയററിയ ബി 52 വിമാനങ്ങളെ പറക്കാൻ ഒരുക്കിനിറുത്തി; റോക്കററുകൾ വിക്ഷേപിക്കുവാൻ തയ്യാറാകുകയും ചെയ്തു. ഒരു തവണ ആപദ്സൂചന ആറു മിനിററ് നീണ്ടുനിന്നു. അമേരിക്കൻ പട്ടാളത്തിന്റെ ഒരു കമ്പ്യൂട്ടറിൽ, റഷ്യക്കാർ ആക്രമിക്കുന്നതായി കാണിക്കുന്ന പട്ടാളപരിശീലനത്തിനുള്ള ഒരു ടേയ്പ്പ് അബദ്ധത്തിൽ ഘടിപ്പിച്ചതായിരുന്നുവത്രെ അതിനു കാരണം. യാന്ത്രികവും മാനുഷികവുമായ തകരാറുകളാൽ ഒരു അണുയുദ്ധം സംഭവിക്കാനുള്ള സാദ്ധ്യത എത്രമാത്രമെന്ന് ഇതിൽനിന്ന് ഊഹിക്കാം.

അണ്വായുധങ്ങൾ പ്രയോഗിക്കാൻ കല്പന കൊടുക്കേണ്ടതാരാണ്? ഒരൊററ ആൾ വിചാരിച്ചാൽ ഒരു അണ്വായുധം പ്രയോഗിക്കാൻ പററില്ലെന്നാണ് അമേരിക്കൻ സൈനികനേതൃത്വം പറയുന്നത്. എന്നാൽ, ചില പരിതഃസ്ഥിതികളിൽ, മുങ്ങിക്കപ്പലുകളിലെ നാവികർക്ക്, മുകളിൽനിന്നു കല്പന കിട്ടാതെതന്നെ സ്വന്തം വിവേചനമുപയോഗിച്ച്, അണ്വായുധങ്ങൾ പ്രയോഗിക്കാൻ അധികാരമുണ്ട് എന്ന് ഡോ. മ്യൂള്ളർ പറയുന്നു. ഒരായുധം ഒരിക്കൽ പ്രയോഗിക്കപ്പെട്ടുകഴിഞ്ഞാൽ, അത് ഉടൻ എല്ലാ ആയുധങ്ങളുടേയും ഒരുമിച്ചുള്ള പൊട്ടിത്തെറിയിൽ ചെന്നെത്തും വിധമാണുതാനും ഇന്നത്തെ സംവിധാനം.

അമേരിക്കക്കാരുടെ അണ്വായുധപ്പടയുടെ കാര്യമാണ് ഇതുവരെ പറഞ്ഞത്. ഇതേ പ്രശ്നങ്ങൾ റഷ്യൻ പട്ടാളത്തിലുമുണ്ടായിരിക്കണം. അതിമദ്യശീലം റഷ്യക്കാരുടെ ഒരു ദൗർബല്യമാണ്; അവരുടെ പട്ടാളക്കാർക്കും ഇതു് ഉണ്ടായിക്കൂടെന്നില്ല. ഈ വൻശക്തികൾക്കു പുറമെ ബ്രിട്ടൺ, ഫ്രാൻസ് മുതലായ പാശ്ചാത്യശക്തികളുടെയും ചൈനയുടെയും കൈയിൽ അണ്വായുധങ്ങൾ ഉണ്ട് ഇസ്രായേലിന്റെയും ദക്ഷിണാഫ്രിക്കയുടെയും കൈയിലുമുണ്ടാവാം. ഇന്ത്യയ്ക്കു വേണമെങ്കിൽ, അണ്വായുധം ഉണ്ടാക്കാൻ കഴിവുണ്ട്. പാകിസ്ഥാനും അടുത്തുതന്നെ അണ്വായുധങ്ങൾ ഉണ്ടാക്കിത്തുടങ്ങിയേക്കാം. ലിബിയ, സൗദി അറേബ്യ, ഇൻഡോനേഷ്യ മുതലായ രാജ്യങ്ങളും അണ്വായുധങ്ങൾ നേടിക്കൂടെന്നില്ല. അണുയുദ്ധത്തിന്റെ ബട്ടൺ അമർത്തുക ആരായിരിക്കുമെന്ന് എങ്ങനെ പ്രവചിക്കാം?

ഒരു അണുയുദ്ധമുണ്ടായാൽ, മരിക്കാതെ ശേഷിക്കുന്നവർക്ക് ഒരു സഹായവും എത്തിക്കാൻ ആധുനിക വൈദ്യശാസ്ത്രത്തിനു ശേഷിയില്ലെന്നും ഡോ. മ്യൂള്ളർ വ്യക്തമായി പ്രസ്താവിക്കുന്നുണ്ട്.

അണ്വായുധങ്ങൾ പൂർണമായും നശിപ്പിക്കുന്നതിനുവേണ്ടി ലോകവ്യാപകമായ ഒരു മഹാപ്രസ്ഥാനം സംഘടിപ്പിക്കുക മാത്രമാണ് സംഭാവ്യമായ ഈ വിപത്തിൽനിന്നു മനുഷ്യവർഗത്തെ മോചിപ്പിക്കുന്നതിനുള്ള മാർഗം.

'ആകസ്മികമായി പൊട്ടിപ്പുറപ്പെട്ടേക്കാവുന്ന അണുയുദ്ധഭീഷണിയുടെ കീഴിൽ നമുക്ക് പത്തോ ഇരുപതോ മുപ്പതോ വർഷം ജീവിക്കാൻ കഴിഞ്ഞേക്കാം; നമ്മൾ ഏതാണ്ട് അത്ര കാലം ജീവിച്ചുവല്ലോ. പക്ഷേ, എന്നെന്നും ഇത്തരമൊരു ഭീഷണിയുടെ വിധേയരായി ജീവിക്കുക സാദ്ധ്യമല്ല' എന്ന് ഡോ. മ്യൂള്ളർ പറയുന്നതിനോട് വിവേകമുള്ള ആർക്കും യോജിക്കാതിരിക്കുക വയ്യ.

15 മാർച്ച്, 1982